# SCHOOL PROFILE

| | | |
|---|---|---|
| സ്കൂളിന്റെ പേര് | - | ഗവ. യു.പി. സ്കൂൾ, മുട്ടമ്പലം<br>മുട്ടമ്പലം പി.ഒ.<br>കോട്ടയം - 686 004 |
| വിദ്യാഭ്യാസജില്ല | - | കോട്ടയം |
| വിദ്യാഭ്യാസ ഉപജില്ല | - | കോട്ടയം - ഈസ്റ്റ് |
| ബി.ആർ.സി. | - | കോട്ടയം - ഈസ്റ്റ് |
| സി.ആർ.സി. | - | കോട്ടയം -ടൗൺ (മുനിസിപ്പാലിറ്റി) |
| സ്കൂൾ കോഡ് | - | 33443 |
| ഹെഡ്മിസ്ട്രസ് | - | പ്രതിഭ മേരി നൈനാൻ |

# ഗവ.യു.പി. സ്കൂൾ, മുട്ടമ്പലം

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ആമുഖം

ശതാബ്ദി പിന്നിട്ട മുട്ടമ്പലം ഗവ.യു.പി.സ്കൂൾ ഈ ദേശത്തിന്റെ അഭിമാനമായി നിലകൊള്ളുന്നു. രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹത് വ്യക്തികളിൽ ചിലർ ഈ വിദ്യാലയത്തിൽ ആദ്യാക്ഷരം കുറിച്ചവരാണ്. എന്നാൽ ഇന്ന് വിദ്യാഭ്യാസരംഗത്തെ മത്സര ലോകത്ത് നമ്മുടെ സ്കൂൾ അതിന്റേതായ മൂല്യം ഉൾക്കൊണ്ടു നിൽക്കുന്നു. മത്സരബുദ്ധിയോടെ വിദ്യാലയങ്ങൾ മുന്നേറുന്ന ഈ കാലത്ത് കുട്ടികളുടെ എണ്ണം നിലനിർത്താൻ സാധിക്കുന്നത് നേട്ടമായി കരുതുന്നു.

സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന സാധാരണ ജനവിഭാഗങ്ങളുടെ മക്കളാണ് ഇവിടെ പഠിക്കുന്ന കുട്ടികളിൽ അധികവും. രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് മീഡിയത്തോടുള്ള താൽപര്യം പരിഗണിച്ച് ഇംഗ്ലീഷിൽ കൂടുതൽ പ്രാധാന്യം നൽകി വരുന്നു. 1 മുതൽ 7 വരെയുള്ള ക്ലാസുകളിലായി ഏകദേശം 70 കുട്ടികൾ ഇവിടെ പഠിക്കുന്നു ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 8 അധ്യാപകരും ഒരു ഓഫീസ് അറ്റൻഡന്റും ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു. ഗവൺമെൻറ് അംഗീകാരമുള്ള നല്ല ഒരു പ്രീ - പ്രൈമറി സ്കൂളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എൽകെജി യുകെജി ക്ലാസുകളിലായി ഇരുപതോളം കുട്ടികൾ പഠിക്കുന്നു.

അക്കാദമിക നിലവാരത്തിൽ മറ്റു വിദ്യാലയങ്ങളോട് കിടപിടിക്കത്തക്ക വിദ്യാലയ അന്തരീക്ഷവും പാഠനിലവാരവും നിലനിർത്തുവാൻ ഇവിടെയുള്ള അധ്യാപകർ ആത്മാർത്ഥതയോടെ പരിശ്രമിക്കുന്നുണ്ട്. സബ്ജില്ലാ-ജില്ലാതല, ശാസ്ത്ര-ഗണിതശാസ്ത്ര പ്രവർത്തിപരിചയമേളകളിലും, കലാമേളകളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ ഇവിടുത്തെ കുട്ടികൾക്ക് സാധിക്കുന്നുണ്ട്. 2024-25 അധ്യായന വർഷം കോട്ടയം ഈസ്റ്റ് ഉപജില്ല ഗവൺമെൻറ് സ്കൂൾ വിഭാഗത്തിൽ ബെസ്റ്റ് സ്കൂൾ അവാർഡ് നേടുകയുണ്ടായി യുപി വിഭാഗം ഗണിതശാസ്ത്രമേളയിൽ ഗവൺമെൻറ് സ്കൂളുകളിൽ രണ്ടാംസ്ഥാനം നേടി മികച്ച വിജയം കൈവരിച്ചു.

### മാതൃക പ്രീ - പ്രൈമറി

കേരളത്തിലെ കുഞ്ഞുങ്ങൾക്ക് ഏറ്റവും മികച്ച പ്രീ-പ്രൈമറി വിദ്യാഭ്യാസം ലഭിക്കണം എന്ന് ഉദ്ദേശത്തോടുകൂടി കോട്ടയം ഈസ്റ്റ് സബ് ജില്ലയിലെ മാതൃക പ്രീ-പ്രൈമറി സ്കൂൾ എന്ന പൊതുസംരംഭത്തിലേക്ക് ചുവടുവയ്ക്കുന്നു.

STARS പദ്ധതി 2022-23 ൽ ഉൾപ്പെടുത്തി പ്രീ പ്രൈമറി വിദ്യാലയങ്ങളിൽ കുട്ടികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള 12 പ്രവർത്തന ഇടങ്ങൾ സജ്ജീകരിക്കുന്നതിനായി സമഗ്ര ശിക്ഷ കേരളം (S.S.K) അനുവദിച്ച 10 ലക്ഷം രൂപ പ്രയോജനപ്പെടുത്തിയാണ് വർണ്ണക്കൂടാരം എന്ന സ്വപ്ന നേട്ടം കൈവരിച്ചത്. സ്കൂളിന്റെ സമഗ്രമായ വികസനം മുന്നിൽ കണ്ടുകൊണ്ടാണ് മുട്ടമ്പലം ഗവൺമെൻറ് യുപി സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് ഭൗതിക നിലവാരവും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## പൊതുലക്ഷ്യങ്ങൾ

**ദീർഘകാല പദ്ധതികൾ**

- ഈ സ്കൂളിൽ നിന്നും ഏഴാം ക്ലാസ് കഴിഞ്ഞ് പോകുന്ന കുട്ടികളെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷാവിഷയങ്ങൾ വായിക്കുവാനും, എഴുതുവാനും സംസാരിക്കുവാനും ശേഷിയുള്ളവരാക്കുക.
- മൂല്യബോധമുള്ള തലമുറയെ രൂപപ്പെടുത്തിയെടുക്കുക.
- ഉന്നത വിദ്യാഭ്യാസ മേഖലയിൽ (IAS, IPS, Medical, Engineering) തുടർവിദ്യാഭ്യാസം നേടത്തക്ക വിധത്തിൽ കുട്ടികളെ രൂപപ്പെടുത്തുക.
- കൃഷിയോടും, പ്രകൃതിയോടും ആഭിമുഖ്യമുള്ള തലമുറയെ രൂപപ്പെടുത്തിയെടുക്കുക
- ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന കലാകാരന്മാരെ/ കായികതാരങ്ങളെ ഒരുക്കിയെടുക്കുക.

ഭാഷാവികാസം

1. വിഷയം- മാതൃഭാഷ

ഹ്രസ്വകാല പദ്ധതികൾ

ലക്ഷ്യങ്ങൾ

- എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാം വിധം മികച്ചനിലയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പുവരുത്തുന്നു.
- കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക
- സർഗ്ഗാത്മക രചനയ്ക്ക് പ്രാപ്തരാക്കുക
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.

1. പ്രവർത്തനങ്ങൾ (ഹ്രസ്വകാലം)

- അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ
- ചിഹ്നങ്ങൾ ഇല്ലാതെ വാക്കുകൾ നൽകുന്നു. അക്ഷര കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു.
- ബാല മാസികകൾ/പ്രസിദ്ധീകരണങ്ങൾ ഉപയോഗപ്പെടുത്തൽ
- പത്രവായന/ലൈബ്രറി ബുക്ക് വായന വിപുലപ്പെടുത്തൽ. വായന റാണി, വായന രാജൻ. പ്രതിമാസം ക്ലാസ് തലത്തിൽ
- പതിപ്പുകൾ/പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി വിപുലീകരിക്കൽ. പ്രാദേശീക ലൈബ്രറിയിൽ അംഗത്വം.
- പത്രവാർത്തകൾ അടിസ്ഥാനമാക്കി ചോദ്യോത്തരപ്പെട്ടി.

വായനക്കൂട്ടം രൂപീകരിക്കൽ, വായനാക്കുറിപ്പ് പങ്കുവയ്ക്കൽ

വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ

## 2. മധ്യകാലപ്രവർത്തനങ്ങൾ - ഭാഷ

- സ്വതന്ത്രരചനകളിൽ ഏർപ്പെടൽ.
- സാഹിത്യകാരന്മാരെയും - കൃതികളെയും അറിയൽ.
- സാഹിത്യകാരന്മാരുമായി അഭിമുഖം - സംവാദം.
- വായിച്ച രചനകളെ സ്വന്തം രീതിയിൽ വ്യത്യസ്തരൂപങ്ങളിൽ അവതരിപ്പിക്കൽ.
- ക്ലാസ്/ സ്കൂൾ മാഗസിൻ പ്രസിദ്ധീകരണം സമൂഹത്തിൽ പ്രചരിപ്പിക്കുക.
- സ്കൂൾ ലൈബ്രറി, പബ്ലിക് ലൈബ്രറി ഫലപ്രദമായി വിനിയോഗിക്കുക.
- സ്കൂൾ പത്രം തയ്യാറാക്കി അവതരിപ്പിക്കൽ

## ദീർഘകാല പ്രവർത്തനങ്ങൾ

I. ഭാഷ

- കുട്ടികളുടെ ആകാശവാണി, സ്കൂൾ റേഡിയോ നിലയം സ്ഥാപിക്കൽ.
- കലാരൂപങ്ങളുടെ സോദാഹരണ പ്രഭാഷണം.
- കലാരൂപങ്ങളെ തിരിച്ചറിയുവാനുള്ള കഴിവ്.
- ക്ലാസ്, സ്കൂൾ കലാസാഹിത്യപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- സാഹിത്യകാരന്മാരുടെ ഭവനസന്ദർശനം.
- സാഹിത്യകാരന്മാരുടെ സ്മാരകം സന്ദർശിക്കൽ.
- അഭിനയം, നൃത്തം, സംഗീതം, ചിത്രകല, പ്രവൃത്തിപരിചയം എന്നിവയുടെ പരിശീലന ക്ലാസുകൾ.
- പ്രാദേശിക കലാകാരന്മാരെ പരിചയപ്പെടൽ.
- സാഹിത്യരചനകളിൽ ഏർപ്പെടുന്നു.
- സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നു.
- ഇംഗ്ലീഷ്-ഭാഷ അനായാസമായി കൈകാര്യം ചെയ്യാൻ ഉതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ നൽകിവരുന്നു.

## II. ഗണിതം

- ഗണിത ലാബുകൾ നിർമ്മാണം, സന്ദർശനം ഇവയെക്കുറിച്ചുള്ള അറിവ്.
- ഗണിത പുസ്തകം തയ്യാറാക്കൽ, ഗണിത കേളി നിർമ്മാണം.
- ഗണിത ശാസ്ത്രജ്ഞരുടെ ആൽബം നിർമ്മാണം.
- ഗണിത സൗഹൃദ വിദ്യാലയം.

- പ്രൊജക്ടുകൾ തയ്യാറാക്കൽ.
- ഗണിത ക്വിസ്, മാത്സ് ഒളിംപ്യാഡ് എന്നിവയിൽ പങ്കെടുക്കുക.
- പ്രാദേശിക വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണം.
- പട്ടിക ഉറപ്പിക്കൽ.
- ചതുഷ്ക്രിയ ഉറപ്പിക്കൽ.
- ഗണിത പസിൽ.
- ഗണിതവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ്.

III. ശാസ്ത്രം - ദീർഘകാല പ്രവർത്തനം

- ശാസ്ത്രലാബുകൾ നിർമ്മാണം.
- പ്രൊജക്ടുകൾ തയ്യാറാക്കുന്നു.
- ശാസ്ത്ര മ്യൂസിയം സന്ദർശിക്കൽ.
- പ്രകൃതി പ്രതിഭാസങ്ങളെ തിരിച്ചറിഞ്ഞ് അവയെ നിരീക്ഷിക്കുന്നതിനുള്ള കഴിവ്.
- പരിസ്ഥിതി സൗഹൃദ-സ്കൂൾ അന്തരീക്ഷം.
- ക്ലബ് പ്രവർത്തനം ഊർജിതമാക്കണം.
- പ്രകൃതിപഠനയാത്ര.
- പ്ലാസ്റ്റിക് മുക്ത പരിസരം.
- പോഷകാഹാരവുമായി ബന്ധപ്പെട്ട ക്ലാസുകൾ.
- പരീക്ഷണങ്ങൾ ചെയ്യാനുള്ള അവസരം.
- ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണം.
- ക്ലബ് പ്രവർത്തനം ഊർജിതമാക്കൽ.